എൽ.ആർ.ജി3 9407/19

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് കോമ്പൗണ്ട്
മ്യൂസിയം ജംഗ്ഷൻ , തിരുവനന്തപുരം
തീയതി. 10.06.2019

## ദർഘാസ് /ലേല പരസ്യം

തിരുവനന്തപുരം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഉപയോഗത്തിലിരിക്കുന്ന , താഴെ പട്ടികയിൽ പറയുന്ന വാഹനങ്ങൾ സർക്കാർ അനുമതിക്ക് വിധേയമായി ലേലം ചെയ്ത് വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വാഹനം | രജിസ്റ്റർ നമ്പർ | മോഡൽ | നിരത ദ്രവ്യം |
|---|---|---|---|---|
| 1 | അംബാസഡർ കാർ (ഡീസൽ) | KL 01 AD 7907 | 2004 | 5000/- |
| 2 | അംബാസഡർ കാർ (ഡീസൽ) | KL 01 AD 7918 | 2004 | 5000/- |

ടി വാഹനങ്ങൾ 2019 ജൂലൈ മാസം 3-ാം. തീയതി പകൽ 11.30 മണിക്ക് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് ഓഫീസിൽ വച്ച് എൽ.ആർ (ജി) സെക്ഷൻ സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ വാഹനങ്ങളുടെ ഇപ്പോഴത്തെ നിലയിലും അവസ്ഥയിലും ഓരോ വാഹനം വീതം പരസ്യമായി ലേലം/ക്വട്ടേഷൻ വഴി വിൽപ്പന നടത്തുന്നതാണ്. മേൽ പറഞ്ഞ തീയതി ഏതെങ്കിലും കാരണവശാൽ അവധി ദിവസം ആകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ഇതേ സമയത്തും സ്ഥലത്തും വച്ച് ലേലം ചെയ്യുന്നതായിരിക്കും.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിരതദ്രവ്യം

5000/- രൂപ (അയ്യായിരം രൂപ മാത്രം) അടച്ച് രസീത് വാങ്ങേണ്ടതുമാണ്. നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്തുന്നതിനുതകുന്ന രേഖയുടെ ( ആധാർ, ഇലക്ഷൻ ഐഡന്റിറ്റി, ഡ്രൈവിംഗ് ലൈസൻസ് ) പകർപ്പ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്. ദർഘാസുകൾ നൽകുവാൻ ആഗ്രഹിക്കുന്നവർ ഓരോ വാഹനത്തിനും പ്രത്യേകം ദർഘാസുകൾ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിരതദ്രവ്യം അടച്ച രസീത് സഹിതം മുദ്രവച്ച കവറിനുള്ളിൽ അടക്കം ചെയ്ത് ലാൻഡ് റവന്യൂ കമ്മീഷണർക്ക് 02.07.2019 തീയതി 5.00 pm ന് മുമ്പായി ലഭിക്കത്തക്ക വിധം നേരിട്ടോ രജിസ്റ്റേർഡ് തപാൽ മുഖേനയോ നൽകാവുന്നതാണ്. ദർഘാസുകൾ സമർപ്പിക്കുന്ന കവറിന് പുറത്ത് "Auction of Ambassador" Car Reg. No. KL 01 AD 7907/ KL 01 AD 7918 എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

ലേലം കഴിഞ്ഞാലുടൻ ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും ദർഘാസ് /ലേല പ്രകാരം ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തുന്ന വ്യക്തിയുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. ലേലം കഴിഞ്ഞാൽ ഉടൻതന്നെ ലേലം കൊണ്ടയാൾ മുഴുവൻ തുകയും ജി.എസ്.റ്റി (9%+9% = 18 %) യും ഉൾപ്പെടെ രൊക്കം പണമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ദർഘാസ് /ലേല സ്ഥിരപ്പെടുത്തി ഉത്തരവ് നൽകി കഴിഞ്ഞാലുടൻ തന്നെ ടിയാൻ സ്വന്തം ചെലവിൽ ഓഫീസ് കോമ്പൗണ്ടിൽ നിന്നും വാഹനം നീക്കം ചെയ്ത് കൊണ്ടുപോകേണ്ടതാണ്.

മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ മുഴുവൻ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിന് സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാന് അർഹത ഉണ്ടായിരുക്കുന്നതുമല്ല.

മേൽ പ്രസ്താവിച്ചിരിക്കുന്ന വാഹനങ്ങൾ ലേലത്തിന് തൊട്ടുമുമ്പുള്ള 2 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11.00 മണിമുതൽ വൈകുന്നേരം 4.00 മണിവരെയുള്ള സമയത്ത് എൽ. ആർ. (ജി) സെക്ഷൻ സൂപ്രണ്ടിന്റെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനും ലേലം അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ലാൻഡ് റവന്യൂ കമ്മീഷണറിലോ ലേലം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനിലോ നിക്ഷിപ്തമായിരിക്കും സർക്കാർ ദർഘാസ്/ലേല നടപടികളുടെ എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും.

(ഒപ്പ്)
കമ്മീഷണർ

1. നോട്ടീസ് ബോർഡ്
2. വെബ്സൈറ്റ്
3. കളക്ടറേറ്റ്, തിരുവനന്തപുരം
4. ആർ.ഡി.ഒ , തിരുവനന്തപുരം
5. താലൂക്ക് ഓഫീസ്, തിരുവനന്തപുരം
6. വില്ലേജ് ഓഫീസ്. പട്ടം, കവടിയാർ, വഞ്ചിയൂർ, ശാസ്തമംഗലം.
7. പബ്ലിക് ഓഫീസ്, (എല്ലാ ഓഫീസുകളിലേക്കും)
8. എക്സിക്യൂട്ടീവ് എഞ്ചിനീയർ. മെക്കാനിക്കൽ വിഭാഗം, തിരുവനന്തപുരം

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

റ്റി4